**Lalith Babu**

# വിവരാവകാശനിയമപ്രകാരമുള്ള ഫീസ് വിവിധ പൊതു സ്ഥാപനങ്ങളിൽ വിവിധ നിരക്കിലാകാൻ കാരണം

*വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ ഇന്ത്യയിലെ എല്ലാ പൊതു സ്ഥാപനങ്ങൾക്കും ഒരേ പോലെ ബാധകമാണെങ്കിലും അപേക്ഷ ഫീസിന്റെയും വിവരങ്ങൾക്കുള്ള ചെലവിന്റെയും മറ്റും കാര്യത്തിൽ ഏകീകൃത ഫീസ് നിരക്ക് ഇല്ല. ഉദാ:- കേരളത്തിലെ പൊതു സ്ഥാപനങ്ങളിൽ അപേക്ഷ ഫീസ് 10 രൂപയാണെങ്കിൽ അലഹബാദ് ഹൈ കോടതിയിൽ അപേക്ഷ ഫീസ് 250 രൂപയാണ്. ഒരു നിയമത്തിലെ വ്യവസ്ഥകളിൽ തന്നെ ഇപ്രകാരം വ്യത്യസ്തമായ ഫീസ് നിരക്ക് എന്തുകൊണ്ടാണ് ?*

വിവരാവകാശ നിയമത്തിൽ എവിടെയും ഫീസ് എത്ര രൂപയാണെന്ന് പറയുന്നില്ല. എന്നാൽ അപേക്ഷാ ഫീസ് സംബന്ധിച്ച് നിയമത്തിൽ ഇപ്രകാരമാണ് പറയുന്നത്:

**"A person, who desires to obtain any information under this Act, shall make a request in writing or through electronic means in English or Hindi or in the official language of the area in which the application is being made, accompanying such fee as may be prescribed, to—"**

അതായത് **"prescribed"** ചെയ്യപ്പെട്ട ഫീസ് സഹിതം അപേക്ഷ സമർപ്പിക്കണം എന്നാണ പറയുന്നത്. **Prescribed** എന്നാൽ എന്താണെന്ന് നിയമത്തിൽ ഇപ്രകാരം വിശദീകരിക്കുന്നു

**"prescribed" means prescribed by rules made under this Act by the appropriate Government or the competent authority, as the case may be;**

ഫീസ് **prescribe** ചെയ്യാനുള്ള അധികാരം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിരിക്കുകയാണ്. ബന്ധപ്പെട്ട അധികാരികൾക്ക് അവരുടെ നിയന്ത്രണത്തിലുള്ള പബ്ലിക് അതോരിറ്റികൾക്ക് വേണ്ടി അവർക്ക് ഉചിതമെന്നു തോന്നുന്ന ഫീസ് **prescribe** ചെയ്യുന്ന റൂൾ നിർമ്മിക്കാം. ഇതാണ് ഏകീകൃത ഫീസ് ഇല്ലാത്തതിനു കാരണം